REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 29-12-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ചിന്തകൾ ജനങ്ങളുമായി പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.**
- **സംസ്ഥാനത്തെ ആദ്യ നദീ പുനരുജ്ജീവന പദ്ധതി കണ്ണൂർ ജില്ലയിലെ കാനാമ്പുഴയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് ഉദ്ഘാടനം ചെയ്യും.**
- **ശനിയാഴ്ച തിരുവനന്തപുരത്ത് ആരംഭിക്കുന്ന 63 -ാമത് സംസ്ഥാന സ്കൂൾ കലോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതായി മന്ത്രി V.ശിവൻകുട്ടി.**
- **മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട നാളെ വൈകീട്ട് തുറക്കും.**
- **78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ സെമി ഫൈനൽ പോരാട്ടങ്ങൾ ഇന്ന്. രണ്ടാം സെമിയിൽ കേരളം മണിപ്പൂരിനെ നേരിടും.**
- **മെൽബൺ ക്രിക്കറ്റ് ടെസ്റ്റിൽ ആദ്യ ഇന്നിംഗ്സിൽ 369 റൺസിന് ഇന്ത്യ പുറത്തായി.**

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്ര മോദി ചിന്തകൾ ജനങ്ങളുമായി പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്ത് ഇന്ന് രാവിലെ**

**11-ന് ആകാശവാണി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 117-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ AIR മൊബൈൽ ആപ്പിലും മൻ കി ബാത്ത് ലഭിക്കും.**

**AIR ന്യൂസ്, DD ന്യൂസ്, PMO, ഐ ആൻഡ് ബി മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും ഇത് തത്സമയം സംപ്രേഷണം ചെയ്യും. പ്രധാനമന്ത്രിയുടെ ഹിന്ദി സംപ്രേക്ഷണം കഴിഞ്ഞാൽ ഉടൻ ആകാശവാണി കേരള നിലയങ്ങളിൽ മൻ കി ബാത്തിന്റെ മലയാള പരിഭാഷ കേൾക്കാം. രാത്രി എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണമുണ്ടാകും.**

✪✪✪

**കണ്ണൂർ നഗരത്തോട് ചേർന്നൊഴുകുന്ന കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഒന്നാം ഘട്ടം ഇന്ന് വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ ആദ്യ നദീ പുനരുജ്ജീവന പദ്ധതിയായാണിത്.**

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.**

**....(വോയ്സ്)............**

✪✪✪

**63 -ാമത് സംസ്ഥാന സ്കൂൾ കലോത്സവം ശനിയാഴ്ച തിരുവനന്തപുരത്ത് ആരംഭിക്കും. അടുത്ത മാസം എട്ടു വരെ അഞ്ചു ദിവസങ്ങളിലായി നടക്കുന്ന കലോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതായി മന്ത്രി V. ശിവൻകുട്ടി അറിയിച്ചു. സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി തിരുവനന്തപുരം ശിക്ഷക് സദനിൽ ചേർന്ന സംഘാടക സമിതി കൺവീനർമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)......**

കലോത്സവത്തിൽ അച്ചടക്കം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു. കലോത്സവത്തിന് കളങ്കമുണ്ടാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ അച്ചടക്ക ലംഘനമായി കണക്കാക്കും.മേളയുടെ ഉദ്ഘാടനം ശനിയാഴ്ച രാവിലെ മുഖ്യവേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്തി പിണറായി വിജയൻ നിർവഹിക്കും. ഒൻപതര മിനിറ്റ് ദൈർഘ്യം വരുന്ന കലോത്സവ സ്വാഗതഗാനത്തോടൊപ്പം കലാമണ്ഡലം ചിട്ടപ്പെടുത്തിയ നൃത്താവിഷ്ക്കാരം വേദിയിൽ അവതരിപ്പിക്കും. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് വയനാട്, വെള്ളാർമല സ്കൂളിലെ വിദ്യാർഥികൾ നൃത്ത ശിൽപ്പമൊരുക്കും. നഗരത്തിലെ 25 വേദികളിലായി 249 ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

പതിനയ്യായിരം കലാപ്രതിഭകൾ മേളയിൽ മാറ്റുരയ്ക്കും. ഉദ്ഘാടന, സമാപന ചടങ്ങുകൾക്ക് 10,000 വിദ്യാർത്ഥികൾ പങ്കെടുക്കും. മത്സരം നടക്കുന്ന 25 വേദികളിലും കായിക മേളയ്ക്ക് സമാനമായി ജനനേതാക്കളെ പങ്കെടുപ്പിച്ചു സംഘാടക സമിതി രൂപീകരിക്കും. പ്രചാരണത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും കലോത്സവത്തിന്റെ പോസ്റ്ററുകൾ, ബാനർ എന്നിവ പ്രദർശിപ്പിക്കണമെന്നും മന്ത്രി നിർദേശിച്ചു. സ്കൂൾ തലത്തിൽ കലോത്സവത്തിന് വേണ്ടി ഭക്ഷ്യ വസ്തുക്കൾ നാളെയും മറ്റന്നാളും ശേഖരിക്കുമെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

KSRTC യുടെ പ്രതിദിന വരുമാനം സർവ്വ കാല റെക്കോർഡിലേക്ക്. തുടർച്ചയായ അവധിയ്ക്ക് ശേഷം വന്ന ആദ്യ പ്രവൃത്തി ദിനമായ കഴിഞ്ഞ തിങ്കളാഴ്ച്ച പ്രതിദിന വരുമാനം ഒൻപത് കോടി 22 ലക്ഷം എന്ന നേട്ടം കൊയ്തു.

കഴിഞ്ഞ വർഷം ഡിസംബർ 23 ന് നേടിയ ഒൻപത് കോടി ആറ് ലക്ഷം എന്ന നേട്ടമാണ് ഇപ്പോൾ മറികടന്നത്. ശബരിമല സ്പെഷ്യൽ സർവിസിനൊപ്പം മറ്റ് സർവിസുകൾ മുടക്കമില്ലാതെ ഓപ്പറേറ്റ് ചെയ്തും കൃത്യമായ പ്ലാനിംഗ് നടത്തിയും നഷ്ട ട്രിപ്പുകൾ ഒഴിവാക്കിയും ആണ് നേട്ടം കൈവരിച്ചത്.

രാപകൽ വ്യത്യാസം ഇല്ലാതെ പ്രവർത്തിച്ച മുഴുവൻ ജീവക്കാരെയും കൂടാതെ സൂപ്പർവൈവർമാരെയും ഓഫീസർമാരെയും മന്ത്രി KB ഗണേഷ് കുമാറും, CMD യും അഭിനന്ദിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ ശ്രീലങ്കൻ വിമാനം അടിയന്തരമായി ഇറക്കി. കൊളംബോയിൽ നിന്ന് ദമാമിലേ ക്ക് പോവുകയായിരുന്നു ശ്രീലങ്കൻ എയർലൈൻസ് വിമാനമാണ് യാത്രക്കാരിക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായതിനെ തുടർന്ന് ഇന്നലെ രാത്രി കണ്ണൂരിൽ അടിയന്തരമായി ഇറക്കിയത്. യാത്രക്കാരിയെ മട്ടന്നൂരിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. തുടർന്ന് ഇന്ധനം നിറച്ചശേഷം വിമാനം ദമാമിലേക്ക് തിരിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നലെ വ്യത്യസ്ത സംഭവങ്ങളിലായി ഏഴ് പേർ മുങ്ങി മരിച്ചു.

കണ്ണൂർ ജില്ലയിൽ മൂന്നുപേരാണ് പുഴയിൽ മുങ്ങിമരിച്ചത്.

ഇരിട്ടി ചരൽ പുഴയിൽ കൊറ്റാളിയിലെ വിൻസൻറ്, അയൽവാസിയായ ഒമ്പത് വയസ്സുകാരൻ ആൽവിൻ കൃഷ്ണ എന്നിവരും കണിച്ചാർ ബാവലി കുണ്ടേരി പുഴയിൽ അധ്യാപകനായ നെല്ലിക്കുന്നിലെ ജെറിൻ ജോസഫുമാണ് മരിച്ചത്.

കാസർകോട് പയസ്വിനി പുഴയിൽ കുളിക്കാനിറങ്ങിയ വിദ്യാർത്ഥികളും സഹോദരങ്ങളുടെ മക്കളുമായ റിയാസ്, യാസിൻ, സമദ് എന്നിവരാണ് മുങ്ങി മരിച്ചത്.

തമിഴ്നാട്ടിൽ നിന്നെത്തിയ വിനോദസഞ്ചാരി കോവളത്ത് കടലിൽ മുങ്ങിമരിച്ചു. ചെന്നൈ സ്വദേശി വിജയ് ആണ് മരിച്ചത്.

✪✪✪

ISRO യുടെ സ്പേസ് ഡോക്കിംഗ് പരീക്ഷണമായ സ്പാഡെക്സ് നാളെ വിക്ഷേപിക്കും. ബഹിരാകാശത്ത് രണ്ട് ഉപഗ്രഹങ്ങൾ കൂട്ടി യോജിപ്പിക്കുക എന്ന അപൂർവ നേട്ടം ലക്ഷ്യമിടുന്ന ദൗത്യം ചരിത്രപരമായ ഒന്നായിരിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു. ബഹിരാകാശ ഡോക്കിംഗിൽ വൈദഗ്ധ്യം നേടിയ രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇതോടെ ഇന്ത്യ പ്രവേശിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട നാളെ വൈകീട്ട് തുറക്കും. ജനുവരി 14 നാണ് മകരവിളക്ക് മഹോത്സവം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി S ശ്രീധർ.

.....(വോയ്സ്).....

തീർത്ഥാടനം സുഗമമാക്കാൻ പമ്പയിലെ സ്പോട്ട് ബുക്കിംഗ് കൗണ്ടറുകളുടെ എണ്ണം നിലവിലെ ഏഴിൽ നിന്ന് പത്താക്കി വർദ്ധിപ്പിക്കും. മന്ത്രി വി.എൻ.വാസവന്റെ അധ്യക്ഷതയിൽ പത്തനംതിട്ടയിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. 60 വയസ് പൂർത്തിയായവർക്ക് മാത്രമായി പ്രത്യേക കൗണ്ടർ തുറക്കാനും തീരുമാനിച്ചു.

മകരവിളക്ക് മഹോത്സവം സുഗമമാക്കാൻ കൂടുതൽ KSRTC ബസുകൾ പമ്പയിലേക്ക് സർവീസ് നടത്തും. ഭക്തരുടെ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ പോലീസിനെ നിയോഗിക്കാനും അവലോകന യോഗത്തിൽ തീരുമാനിച്ചു.

✪✪✪

ചെസ്സ് ചാമ്പ്യൻ D ഗുകേഷ് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. ഗുകേഷിന്റെ നിശ്ചയദാർഢ്യത്തെയും അർപ്പണ ബോധത്തെയും പ്രശംസിച്ച പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ആത്മവിശ്വാസം പ്രചോദനം നൽകുന്നതാണെന്ന് സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

ഏറ്റവും പ്രായം കുറഞ്ഞ ലോക ചാമ്പ്യനാകണമെന്ന ഗുകേഷിന്റെ തീരുമാനം അദ്ദേഹത്തിന്റെ പ്രയത്നത്താൽ യാഥാർത്ഥ്യമായെന്നും പ്രധാനമന്ത്രി പറഞ്ഞു.

യോഗയുടെയും ധ്യാനത്തിന്റെയും പരിവർത്തന സാധ്യതകളെ സംബന്ധിച്ചായിരുന്നു ഗുകേഷുമായുള്ള തന്റെ സംഭാഷണമെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ചെസ് മത്സരത്തിൽ ജീൻസ് ധരിക്കാൻ പാടില്ലെന്ന ചട്ടം പാലിക്കാത്തതിനെ തുടർന്ന് ലോക ചെസ് ചാമ്പ്യൻ മാഗ്നസ് കാൾസനെ ലോക റാപിഡ് ചെസ് ചാംപ്യൻഷിപ്പിൽ നിന്ന് അയോഗ്യനാക്കി. അടുത്ത ദിവസം മുതൽ അനുയോജ്യമായ വസ്ത്രം ധരിച്ചെത്താമെന്ന് താരം അറിയിച്ചിരുന്നെങ്കിലും ഫിഡെ അത് അംഗീകരിച്ചില്ല.

ടൂർണമെന്റിന്റെ നിയമങ്ങൾ പാലിക്കാൻ വിസമ്മതിച്ചതിനാൽ അയോഗ്യനാക്കുകയല്ലാതെ FIDE യ്ക്ക് മറ്റ് വഴികളില്ലെന്ന് ഫിഡെ ഡെപ്യൂട്ടി പ്രസിഡന്റ് വിശ്വനാഥൻ ആനന്ദ് അറിയിച്ചു.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ സെമി ഫൈനൽ പോരാട്ടങ്ങൾ ഇന്ന്.

ആദ്യ സെമിയിൽ ഉച്ചയ്ക്ക് രണ്ടരയ്ക്ക് നിലവിൽ ചാമ്പ്യൻമാരായ സർവീസസ് പശ്ചിമബംഗാളുമായി മത്സരിക്കും. രണ്ടാം സെമിയിൽ രാത്രി 7-30 ന് കേരളം ഇന്ന് മണിപ്പൂരിനെ നേരിടും. ഹൈദരബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിലാണ് മത്സരം.

ഫൈനൽ റൗണ്ടിൽ തോൽവി അറിയാതെയാണ് കേരളവും മണിപ്പൂരും ഇന്ന് സെമിഫൈനൽ പോരാട്ടത്തിനായി ഇറങ്ങുന്നത്.

കേരളവും മണിപ്പുരും ഫൈനൽ സ്റ്റേജിൽ ഇതുവരെ അഞ്ചു തവണ ഏറ്റുമുട്ടി. അതിൽ മൂന്നു ജയം കേരളം സ്വന്തമാക്കി. 2002-2003 ലെ ഫൈനലിൽ കേരളത്തെ കീഴടക്കിയായിരുന്നു മണിപ്പുർ സന്തോഷ് ട്രോഫി ചാമ്പ്യന്മാരായത്.

നേരത്തെ 30 തവണ സന്തോഷ് ട്രോഫി സെമിയിലെത്തിയ കേരളം ഏഴ് തവണ ചാമ്പ്യൻമാരായിരുന്നു.

✪✪✪

മെൽബണിൽ ബോർഡർ-ഗവാസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 369 റൺസിന് പുറത്തായി. ഒൻപതിന് 358 എന്ന നിലയിലാണ് നാലാം ദിവസമായ ഇന്ന് ഇന്ത്യ കളി പുനഃരാരംഭിച്ചത്.

ഒന്നാം ഇന്നിംഗ്സിൽ 105 റൺസ് ലീഡ് നേടിയ ഓസ്ട്രേലിയ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 47 റൺസെടുത്തു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, ജംഷഡ്പൂർ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

ഇന്നലെ ചെന്നൈയിൽ ബംഗലുരു FC ചെന്നൈയിൻ FC യെ രണ്ടിനെതിരെ നാല് ഗോളുകൾക്ക് പരാജയപ്പെടുത്തി.

ഹൈദരാബാദിൽ ഈസ്റ്റ് ബംഗാൾ - ഹൈദരാബാദ് FC മത്സരം ഇരു ടീമുകളും ഓരോ ഗോൾ നേടി സമനിലയിൽ പിരിഞ്ഞു.

✪✪✪

കണ്ണൂർ ജില്ലാ കേരളോത്സവം ഇന്ന് സമാപിക്കും.

108 പോയിന്റോടെ കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്താണ് മുന്നിൽ. 98 പോയിന്റോടെ കണ്ണൂർ കോർപ്പറേഷൻ രണ്ടാം സ്ഥാനത്തും, 86 പോയിന്റോടെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

ജനാധിപത്യത്തിൽ ആരും ശത്രുക്കളല്ലെന്നും രാഷ്ട്രീയപരമായ ഭിന്നാഭിപ്രായങ്ങൾ ജനാധിപത്യത്തിലെ പ്രതിഭാസമാണെന്നും ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള പറഞ്ഞു. നിശ്ചിതമായ വഴികളിലൂടെ സഞ്ചരിക്കുമ്പോഴാണ് ജനാധിപത്യം വിജയിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കണ്ണൂർ കടമ്പേരി യുക്തി മാതൃഭൂമി സ്റ്റഡി സർക്കിളിന്റെ സുവർണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുക യായിരുന്നു ശ്രീധരൻപിള്ള.

✪✪✪

കാസർകോട് ജില്ലയിൽ കൃപേഷ് - ശരത് ലാൽ കൊലപാതക കേസ്സിൽ 14 പേർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ CBI കോടതി വിധി ഹിംസയുടെ രാഷ്ട്രീയത്തിനേറ്റ ശക്തമായ പ്രഹരമാണെന്ന്. KPCC മുൻ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. ഇനിയും അക്രമം അവസാനിപ്പിച്ചില്ലെങ്കിൽ കേരളമെന്ന CPIM ന്റെ അവസാനത്തെ തുരുത്തും നഷ്ടപ്പെടുമെന്നതിൽ സംശയമില്ലെന്ന് അദ്ദേഹം കോഴിക്കോട്ട് പ്രസ്താവനയിൽ പറഞ്ഞു.

CBI ഈ കേസ് അന്വേഷിച്ചില്ലായിരുന്നുവെങ്കിൽ, തെളിവുകൾ നശിപ്പിക്കപ്പെട്ട മറ്റൊരു രാഷ്ട്രീയ കൊലപാതകമായി പേരിയ കേസ്സും മാറുമായിരുന്നുവെന്നും മുല്ലപ്പള്ളി രാമചന്ദ്രൻ അഭിപ്രായപ്പെട്ടു.

✪✪✪

2025 ജൂബിലി വർഷമായി ആചരിക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം, കോഴിക്കോട് രൂപതയിലെ ജൂബിലി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കമാകും. മദർ ഓഫ് ഗോഡ് കത്തീഡ്രൽ

ദേവാലയത്തിൽ വൈകിട്ട്  കോഴിക്കോട് രൂപതാ മെത്രാൻ വർഗീസ് ചക്കാലയ്ക്കലിന്റെ മുഖ്യ കാർമികത്വത്തിൽ   ദിവ്യബലി അർപ്പിക്കും. ഈ ദിവ്യബലിയിൽ ആശീർവദിക്കുന്ന ജൂബിലി കുരിശ് എല്ലാ ഇടവകയിലേക്കും കൊണ്ടുവരുമെന്ന് ബിഷപ്പ് വർഗീസ് ചക്കാലയ്ക്കൽ അറിയിച്ചു.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ 25 വർഷത്തിൽ ഒരിക്കൽ മാത്രം തുറക്കുന്ന വിശുദ്ധ വാതിൽ ഫ്രാൻസിസ് മാർപാപ്പ ഈ മാസം 24ന് തുറന്നതോടെയാണ് ലോകമെങ്ങും ജൂബിലി വർഷത്തിന് തുടക്കമായത്. ഈ ആഘോഷത്തിന്റെ ഭാഗമായാണ് എല്ലാ രൂപതകളും പ്രത്യേകമായി ആഘോഷം സംഘടിപ്പിക്കുന്നത്.

✪✪✪